ഭരണഭാഷ-മാതൃഭാഷ

നമ്പർ : **ED2/10935/15/DTE**

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**
തീയതി : **10-03-2026**

**പരിപത്രം**

വിഷയം:- വിദ്യാഭ്യാസം - സാങ്കേതികം ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം (ഡി) വിഭാഗം - ഫുൾ ടൈം ഗാർഡനർ തസ്തികമാറ്റ നിയമനം - താത്പര്യപത്രം സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. ഈ കാര്യാലയത്തിൽ നിന്നുള്ള **16.04.2021** തീയതിയിലെ ഇതേ നമ്പർ സർക്കുലർ പ്രകാരമുള്ള സീനിയോറിറ്റി പട്ടിക.

2. **30.11.2023** തീയതിയിലെ ജി. ഒ. (പി) നം. **17/2023**/പി&എആർഡി നമ്പർ സർക്കാർ ഉത്തരവ്.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ ഫുൾ ടൈം ഗാർഡനർ തസ്തികയിൽ ചുവടെ പ്രകാരം നിലവിൽ വന്നിട്ടുള്ള ഒഴിവിലേക്ക് തസ്തികമാറ്റ നിയമനം മുഖേന നിയമനം നേടാൻ ആഗ്രഹിക്കുന്ന സൂചന സർക്കുലറിൽ ഉൾപ്പെട്ട ഫുൾ ടൈം സ്വീപ്പർ/ സാനിറ്റേഷൻ വർക്കർ, വാട്ടർമാൻ /വാട്ടർവുമൺ തുടങ്ങിയ ₹ **23000-50200/-** ശമ്പള നിരക്കിലുള്ള ക്ലാസ്സ് **IV** വിഭാഗം ജീവനക്കാർ **16.03.2026** തീയതി വൈകിട്ട് **5.00** മണിക്ക് മുൻപായി ചുവടെയുള്ള മാതൃകയിൽ **edsectiondte@gmail.com** എന്ന ഇ-മെയിൽ മുഖാന്തിരം **ED2** സെക്ഷനിൽ സമ്മതപത്രം ലഭ്യമാക്കേണ്ടതാണ്.

**ഫുൾ ടൈം ഗാർഡനർ തസ്തികയിലെ നിലവിലെ ഒഴിവ് വിവരം**

1. സർക്കാർ പോളിടെക്നിക് കോളേജ്, പെരിന്തൽമണ്ണ

**പ്രൊഫോർമ**

| ക്രമ നം. | സൂചന സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ | ജീവനക്കാരന്റെ പേര്, പെൻ നമ്പർ | തസ്തികമാറ്റം നേടുന്നതിന് സമ്മതമാണോ |
|---|---|---|---|
| | | | |

നിബന്ധനകൾ

1. മേൽപ്പറഞ്ഞ ജീവനക്കാർ നിലവിലെ തസ്തികകളിൽ നിരീക്ഷണകാലം പൂർത്തീകരിച്ചവർ ആയിരിക്കണം.

2. ഫുൾ ടൈം ഗാർഡനർ തസ്തിക നിയമനം സംസ്ഥാന തല നിയമനം ആയതിനാൽ

വകുപ്പിന് കീഴിൽ സംസ്ഥാനത്തിനുള്ളിൽ ഏത് സ്ഥാപനത്തിലും ജോലി ചെയ്യുവാൻ സന്നദ്ധത ഉള്ളവർ ആയിരിക്കണം. ഒരു പ്രത്യേക ജില്ലയോ, പ്രത്യേക സ്ഥാപനമോ സ്ഥാനക്കയറ്റ നിയമനത്തിനായി തെരഞ്ഞെടുക്കുവാൻ അനുവദിക്കുന്നതല്ല.

3. ഫുൾ ടൈം ഗാർഡനർ തസ്തിക നിയമനത്തിന് താത്പര്യമുള്ള ജീവനക്കാരുടെ സമ്മതപത്രം പ്രൊഫോർമയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

4. നിശ്ചിത സമയപരിധിയ്ക്കു ശേഷം ലഭിക്കുന്നതോ ഭാഗികമായതോ ആയ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

5. ഫുൾ ടൈം ഗാർഡനർ തസ്തിക നിയമനത്തിന് നിലവിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളവരും ഇതുവരെയും നിയമനം ലഭിക്കാത്തവരും നിയമനം പരിത്യജിച്ചിട്ടുള്ളവരും ഈ സർക്കുലർ പ്രകാരം വീണ്ടും അപേക്ഷിക്കേണ്ടതാണ്.

6. സ്ഥാപന മേധാവികൾ മേൽ ജീവനക്കാരുടെ അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

7. സ്ഥാപന മേധാവികൾ ഈ സർക്കുലർ ബന്ധപ്പെട്ട എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

8. മേൽ സൂചന (2) സർക്കാർ ഉത്തരവ് പ്രകാരം തസ്തികമാറ്റ നിയമനം ലഭിച്ചതിനുശേഷം പ്രസ്തുത തസ്തികമാറ്റ നിയമനം പരിത്യജിക്കുവാൻ സാധിക്കുന്നതല്ല. സ്ഥാപനത്തിൽ അപേക്ഷ സ്വീകരിക്കുന്ന സമയം ഇക്കാര്യം ജീവനക്കാരനെ ബോധ്യപ്പെടുത്തേണ്ടതാണ്.

Digitally signed by
Jayaprakash P
Date: 10-03-2026
15:57:18

**Dr JAYAPRAKASH P**

**DIRECTOR**

സ്വീകർത്താവ്,

1. സ്ഥാപന മേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും വെബ്സൈറ്റ് മുഖാന്തിരം
2. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്